മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

## X സ്പീക്കറുടെ റൂളിംഗ്

ഇവിടെ ശ്രീ. ടി. എം. ജേക്കബ് ഉന്നയിച്ച ഒരു പ്രശ്നമുണ്ട്. നമ്മുടെ നടപടിക്രമം 4-ാം വകുപ്പനുസരിച്ച് ഓരോ അംഗത്തിനും സ്ഥാനം നിശ്ചയിക്കേണ്ടത് സ്പീക്കറാണ്. ആ അധികാര അതിർത്തിയിൽ നിന്നുകൊണ്ട് സ്വതന്ത്ര മെമ്പറായ ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറയെ ഒരു സ്വതന്ത്ര മെമ്പറായിട്ടു കണക്കാക്കി സീററ് ഇപ്പുറത്തേക്ക് മാററിക്കൊടുത്തു എന്നേയുള്ളു.

ശ്രീ. വി. എം. സുധീരൻ: അത് ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറയുടെ റിക്വസ്ററ് പ്രകാരമാണോ അതോ ഏതെങ്കിലും കക്ഷിയുടെ അഡ്വൈസ് പ്രകാരമാണോ അതോ സ്വമേധയാ ആയി അങ്ങ് ചെയ്തതാണോ ?

മി. സ്പീക്കർ: എന്റെ ഓർഡറിനകത്ത് വളരെ വ്യക്തമായിട്ട് എഴുതിയിട്ടുണ്ട്, ആരുടെയും റിക്വസ്ററ് പ്രകാരമല്ല. സ്പീക്കറുടെ സ്വന്തം അധികാരം ഉപയോഗിച്ച് മാററിയതാണ്. അതും for the safe of convenience എന്നു എഴുതിയിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: അങ്ങനെയാണെങ്കിൽ സ്വതന്ത്ര അംഗങ്ങൾക്ക് സംസാരിക്കുവാൻ നിശ്ചയിച്ചിട്ടുള്ള സമയം, രണ്ട് സ്വതന്ത്ര മെമ്പർമാർ ആറും ആറും പന്ത്രണ്ട് മിനിട്ട് സംസാരിച്ചിട്ടുണ്ട്. അത് ഏതു സാഹചര്യത്തിലാണ് ?

മി. സ്പീക്കർ: ഇവിടെ സ്വതന്ത്ര മെമ്പർമാർ എന്നുള്ള നിലയിൽ ശ്രീ. എം. വി. രാഘവന് മററു ചില മെമ്പർ അവരുടെ സമയം സറണ്ടർ ചെയ്തത് കോർട്ടത്തിന്റെ അടിസ്ഥാനത്തിലാണ്. അതുപോലെ ഇപ്പുറത്തും അഞ്ചാറു സ്വതന്ത്രൻമാരുണ്ട്. അവരുടെ സമയം അഡ്ജസ്ററ് ചെയ്താണ് ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറയ്ക്കും സമയം അനുവദിച്ചത്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ 1988 ജൂലൈ മാസം 5-ാം തീയതി രാവിലെ 8.30 ന് സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 3.27 ന് പിരിഞ്ഞു.)

### അനുബന്ധം I

നക്ഷത്ര ചിഹ്നമിടാത്ത ഉത്തരം 37 (138) കാണുക

**Schemes Sanctioned under Western Ghats Development Programme**

1974-75

| *Sl. No.* | *Name of Scheme* |
|---|---|
| 1 | Organisation of a Co-operative Farm at Attappady |
| 2 | Dairy Development Scheme Attappady |
| 3 | Dairy Development Scheme, Idukki. |

1975-76

No new scheme sanctioned.

LIBRARY ARCHIVES Kerala Legislative Assembly